(സി) കോൺട്രാക്ടർമാർ പല ജോലികളും ഒരേ സമയം ഏറ്റെടുക്കുകയും അവ പൂർത്തീകരിക്കാൻ കാലതാമസം വരുത്തുകയും ചെയ്യുന്ന സന്ദർഭങ്ങളുണ്ടാകാറുണ്ട്.

(ഡി) അങ്ങിനെയുള്ളവർക്കെതിരെ കരാർ വ്യവസ്ഥയനുസരിച്ച് നടപടികളും സ്വീകരിക്കാറുണ്ട്.

പുതിയ ഹരിജൻ കോളനികൾ

* 168 [181] ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഈ സാമ്പത്തിക വർഷത്തിൽ എത്ര പുതിയ ഹരിജൻ കോളനികൾ ആരംഭിച്ചു;

(ബി) എവിടെയെല്ലാം?

ഹരിജനക്ഷേമ സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഈ സാമ്പത്തിക വർഷത്തിൽ ഒന്നുംതന്നെ പുതിയതായി ആരംഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സ്കൂളുകളിലെ സ്പോർട്സ് ഡിവിഷനുകൾ

* 169 [182] ഡോക്ടർ ജോർജ്ജ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര സ്കൂളുകളിൽ സ്പോർട്സ് ഡിവിഷനുകൾ ഉണ്ട്;

(ബി) പുതുതായി ഏതെങ്കിലും സ്കൂളുകളിൽ സ്പോർട്സ് ഡിവിഷനുകൾ തുടങ്ങുവാൻ ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം?

മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) ഒൻപത്.

(ബി ആൻറ് സി) പുതുതായി സ്പോർട്സ് ഡിവിഷനുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലിരിക്കുകയാണ്.

Fee concession to students of Other Backward Communities

*** 170 [183] Sri Stephen Padua:** Will the Minister for Harijan Welfare and Community Development be pleased to State:

(a) Whether there is any proposal to raise the rates of income limit fixed for granting fee concession to students of Other Backward Communities;

(b) If not, will the Minister be pleased to consider it?

LIBRARY ARCHIVES Kerala Legislative Assembly

Minister of Harijan Welfare and Community Development **(Sri Damodaran Kalassery):**

(a) Yes.

(b) Does not arise.

പുതിയ റോഡുകൾ ഏറ്റെടുക്കാൻ സ്വീകരിക്കുന്ന മാനദണ്ഡം

* 171 [184] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് ഈ വർഷം എത്ര പുതിയ റോഡുകൾ ഏറ്റെടുത്തിട്ടുണ്ട്;

(ബി) പുതിയ റോഡുകൾ ഏറ്റെടുക്കാൻ സ്വീകരിക്കുന്ന മാനദണ്ഡം എന്താണ്?

മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) 30.

(ബി) 1. റോഡിന് എട്ടുമീറ്റർ വീതിയുണ്ടായിരിക്കണം.

2. രണ്ടിൽകൂടുതൽ പഞ്ചായത്തുകളിൽക്കൂടി കടന്നു പോകണം.

3. റോഡിൽക്കൂടി ക്രമമായ ബസ് ഗതാഗതം ഉണ്ടായിരിക്കണം.

4. രണ്ടു പ്രധാനപ്പെട്ട പൊതുമരാമത്തു റോഡുകളെത്തമ്മിൽ ബന്ധിപ്പിക്കുന്നതും തുടർന്നുള്ള ഗതാഗതത്തിന് ഒരു അവിഭാജ്യ ഘടകമായിട്ടുള്ളതുമായിരിക്കണം. ഇതിൽ ആദ്യത്തേതും മറ്റേതെങ്കിലും ഒരു നിബന്ധനയും തൃപ്തിപ്പെടുത്തുന്ന പഞ്ചായത്ത് റോഡുകൾ മാനദണ്ഡത്തിന് അനുസൃതമാണ് എന്നു കരുതപ്പെടും.

കല്ലട പദ്ധതിയുടെ നിർമ്മാണം

* 172 [185] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വേനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏതവസ്ഥയിൽ ഇരിക്കുന്നു എന്നു വ്യക്തമാക്കാമോ;

(ബി) പദ്ധതി എന്നു പൂർത്തിയാക്കാൻ സാധിക്കും;

(സി) കല്ലട പദ്ധതിയുടെ നിർമ്മാണത്തിനായി ലോകബാങ്കിൽ നിന്നു എത്ര ലക്ഷം രൂപയുടെ സഹായമാണ് ആവശ്യപ്പെട്ടിരിക്കുന്നത്;

(ഡി) ഇപ്രകാരം ലോകബാങ്കിന്റെ സഹായം ലഭിക്കുന്നതിന് ഗവൺമെൻറ് അംഗീകരിച്ചിരിക്കുന്ന വ്യവസ്ഥകൾ എന്തെല്ലാമാണെന്നും ഇക്കാര്യത്തിൽ ലോകബാങ്കിന്റെ പ്രതികരണം എന്താണെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly